**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3764** | **23.08.2017 ൽ മറുപടിയ്ക്ക്** |

## യുവജനങ്ങൾക്കായി മത്സരപരീക്ഷാ പരിശീലനം

| ചോദ്യം<br>ശ്രീ.സി.കെ. ശശീന്ദ്രൻ | മറുപടി<br>ശ്രീ.എ.സി. മൊയ്തീൻ<br>(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| യുവജനങ്ങൾക്കായി ജില്ലകൾതോറും വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന പദ്ധതികൾ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | കേരളത്തിലെ യുവജനങ്ങൾക്ക് സർക്കാർ ഉദ്യോഗം ലഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനായി കേരളസംസ്ഥാന യുവജനക്ഷേമ ബോർഡ് എല്ലാ ജില്ലകളിലും പ്രീ-എക്സാമിനേഷൻ പി.എസ്.സി പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഉള്ള യൂത്ത് ക്ലബ്ബുകൾ മുഖേനയാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. എല്ലാ ജില്ലകളിലും 2 കേന്ദ്രം വീതം ആരംഭിയ്ക്കുന്നതാണ്. പദ്ധതി സംഘടിപ്പിക്കുന്നതിന് ഗ്രാമപ്രദേശങ്ങൾക്ക് ഊന്നൽ നൽകുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ 12 ബ്ലോക്കുകളിൽ,സമീപമുള്ള രണ്ട് ബ്ലോക്കുകൾ സംയോജിപ്പിച്ച് 6 കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം മറ്റ് ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ